# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997, 2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 30-10-2013

# ഹയർസെക്കന്ററി സ്ഥലംമാറ്റം നിർത്തിവെച്ചതിൽ പ്രതിഷേധിക്കുക

**കെ.എസ്.ടി.എ**

മൂന്നുവർഷക്കാലമായി നടക്കാതിരുന്ന ഹയർസെക്കന്ററി മേഖലയിലെ പൊതുസ്ഥലംമാറ്റം ഉത്തരവാകുന്ന ഘട്ടത്തിൽ വിദ്യാഭ്യാസ മന്ത്രി ഇടപെട്ട് തടഞ്ഞുവച്ച നടപടിയിൽ കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ശക്തിയായി പ്രതിഷേധിച്ചു. ഇതോടെ ഹയർസെക്കന്ററി മേഖലയിൽ ഓൺലൈൻ സ്ഥലംമാറ്റം പൂർണമായും അട്ടിമറിച്ചിരിക്കുകയാണ്. വിദ്യാഭ്യാസമന്ത്രിതന്നെ നേരിട്ട് സ്ഥലംമാറ്റത്തിൽ ഇടപെട്ടത് അത്യന്തം പ്രതിഷേധാർഹമാണ്. അനർഹരായവർക്ക് സ്പെഷ്യൽ ഓർഡർ നൽകാൻ കഴിയാത്തതിന്റെ പേരിലാണ് ഈ നടപടി. ഇരുന്നൂറോളംപേർക്ക് ഇതിനകം തന്നെ സ്പെഷ്യൽ ഓർഡർ നൽകികഴിഞ്ഞു. ഇതിന്റെ പിന്നിൽ വലിയ അഴിമതിയുണ്ട്. പൊതു സ്ഥലംമാറ്റം നടത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ടി.എ നടത്തിയ രാപ്പകൽ സമരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒത്തുതീർപ്പാണ് ഇതിലൂടെ ലംഘിച്ചിരിക്കുന്നത്. നാലായിരത്തോളംപേർ അപേക്ഷിച്ചതിൽ 1200 പേർക്ക് സ്ഥലംമാറ്റം കിട്ടുമായിരുന്നു. പരാതികൾ നൽകാനുള്ള അവസാനദിവസം ഒക്ടോബർ 30 നായിരുന്നു. രണ്ടുദിവസത്തിനകം സ്ഥലംമാറ്റ ഉത്തരവ് ഇറങ്ങേണ്ടതായിരുന്നു. സ്ഥലംമാറ്റം തടഞ്ഞനടപടി പിൻവലിച്ചില്ലെങ്കിൽ ശക്തമായ പ്രക്ഷോഭം ആരംഭിക്കുമെന്ന് ജനറൽ സെക്രട്ടറി എം.ഷാജഹാൻ മുന്നറിയിപ്പ് നൽകി.

**എം.ഷാജഹാൻ**
ജനറൽ സെക്രട്ടറി

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.

Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com


പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 30-10-2013

## മുശ്ശേരി –വയലാർ –ചെറുകാട് എന്നിവരെ അനുസ്മരിച്ചു

തൈക്കാട് മുശ്ശേരി മാസ്റ്റർ ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ മലയാള സാഹിത്യത്തിലെ അതികായകന്മാരായ ജോസഫ് മുശ്ശേരി – വയലാർ രാമവർമ്മ – ചെറുകാട് എന്നിവരെ അനുസ്മരിച്ചു. കെ.എസ്.ടി.എ പ്രസിഡന്റ് കെ.എൻ.സുകുമാരന്റെ അധ്യക്ഷതയിൽ നടന്ന അനുസ്മരണയോഗം പിരപ്പൻകോട് മുരളി ഉദ്ഘാടനം ചെയ്തു. കെ.എസ്.ടി.എ ജനറൽ സെക്രട്ടറി എം.ഷാജഹാൻ, പുരോഗമന കലാ സാഹിത്യസംഘം ജില്ലാ സെക്രട്ടറി വിനോദ് വൈശാഖി തുടങ്ങിയവർ സംസാരിച്ചു. ലൈബ്രറിയുടെ പ്രസിന്റ് എം.മുരളീധരൻ സ്വാഗതവും സെക്രട്ടറി പി.വി.രാജേഷ് നന്ദിയും പറഞ്ഞു.

പ്രസിഡന്റ്/സെക്രട്ടറി